**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി**
**ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ, സിവിൽ സ്റ്റേഷൻ,**
**പൈനാവ്.പി.ഒ, കുയിലിമല, പിൻ - 685603**
ഇമെയിൽ : deocidk@gmail.com
ഫോൺ : 04862 233111, 233130, മൊബൈൽ : 9383463036,7034447100

**ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.**
**(എച്ച്. ദിനേശൻ ഐ.എ.എസ്)**

വിഷയം: കൊവിഡ് 19 - ഇടുക്കി ജില്ല - കൺടെയിൻമെൻറ് മേഖലകൾ വിജ്ഞാപനം ചെയ്ത്/ വിടുതൽ ചെയ്ത് - കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം :
1) G.O (Ms) No. 18/2020/DMD തീയതി 17.06.2020
2) G.O (Rt) No. 391/2021/DMD തീയതി 30.04.2021
3) 15.04.2021 ലെ ഇടുക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗത്തിലെ തീരുമാനം.
4) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യുടെ 12.07.2021 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ DCIDK/65/2021-DM1 തീയതി: 12-07-2021**

കൊവിഡ് - 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും, ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൺടെയിൻമെന്റ് മേഖലകളിൽ നിലവിലെ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ തുടരുന്നതിനും, ആവശ്യമെങ്കിൽ പ്രസ്തുത മേഖലകളിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ കണ്ടെയ്ൻമെന്റ് മേഖലകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ കൊവിഡ് വ്യാപനം കണക്കിലെടുത്ത് കണ്ടെയ്ൻമെന്റ് മേഖലകളിൽ ഉൾപ്പെടുത്തേണ്ട/ ഒഴിവാക്കേണ്ട മേഖലകൾ സംബന്ധിച്ച് പരാമർശം (4) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ജില്ലയിൽ സമ്പർക്കം മൂലമുള്ള കോവിഡ് - 19 കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കണ്ടെൻമെൻറ് മേഖലകളായി വിജ്ഞാപനം ചെയ്തിരുന്ന **ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടെയ്ൻമെൻറ് മേഖലകളിൽ നിന്നും ഒഴിവാക്കി** ദുരന്തനിവാരണ നിയമം 2005 സെക്ഷൻ 30 (2 ) (v) പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് സോൺ |
|---|---|---|
| 1. | ചക്കുപള്ളം ഗ്രാമപഞ്ചായത്ത് | a) വാർഡ് 3 ൽ പാമ്പുപാറ അമ്പലമേട് കോളനി<br>b) വാർഡ് 5 ൽ സുൽത്താൻ കട കോളനി |

ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖലകളായി തുടരുന്നതാണ്.

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖല |
|---|---|---|
| 1. | വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് | 6-ാം വാർഡ് പൂർണ്ണമായും. |
| 2. | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | (a) 1-ാം വാർഡിൽ ഉൾപ്പെട്ട് വരുന്ന കലയന്താനി പന്നിമറ്റം റോഡിൽ കൊന്താലപള്ളി ജുമാ മസ്ജിദ് മുതൽ പഞ്ചായത്ത് സ്മശാനം വരെയും, റോഡിനിരുവശവും ഉള്ള ഭാഗങ്ങളും.<br>(b) വാർഡ് 1ൽ കലയന്താനി കവല മുതൽ ജുമാമസ്ജിത് പള്ളി വരെ റോഡിന്റെ ഇരുവശവും |
| 3. | ഇടവെട്ടി ഗ്രാമപഞ്ചായത്ത് | 1, 7, 13 വാർഡുകൾ പൂർണ്ണമായും |
| 4. | അടിമാലി ഗ്രാമപഞ്ചായത്ത് | (a) 1-ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന മാമലക്കണ്ടം കുറത്തിക്കുടി റോഡിൽ എളംബ്ലാശേരി ഫോറസ്റ്റ് ചെക്ക് പോസ്റ്റ് മുതൽ കുറത്തി കുടി ക്ഷേത്രത്തിനു സമീപം ഉള്ള പൊന്നപ്പൻ പടി വരെയുള്ള ഭാഗങ്ങൾ<br>(b) വാർഡ് 1ൽ പഴംപള്ളിച്ചാൽ ഗവർമെന്റ് LP സ്കൂൾ മുതൽ അപ്പച്ചൻ പുത്തൻപുരക്കൽ പഴംപള്ളിച്ചാൽ കമ്പിലൈന്റെ വീട്ടുവരെ |
| 5. | മാങ്കുളം ഗ്രാമപഞ്ചായത്ത് | a) വാർഡ് -2 ലെ കുവൈറ്റ് സിറ്റി പാലം മുതൽ സെവൽ കുടി കവിതക്കാട് റോഡ്- ഉമ്മകവല മുള്ളൻ കട റോഡും, സെവൽ കുടി പൂർണമായും<br>b) 3 -ാം വാർഡ് പൂർണ്ണമായി |
| 6. | കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് | 2 -ാം വാർഡിൽ (പേരടിപ്പള്ളം) ഉൾപ്പെട്ടു വരുന്ന കാരയൂർപാലം മുതൽ ഗ്രാമം വരെയുള്ള റോഡിന്റെ വലതു ഭാഗം |
| 7. | പള്ളിവാസൽ ഗ്രാമ പഞ്ചായത്ത് | a) വാർഡ് 4 ൽ ഉൾപ്പെടുന്ന ഫാക്ടറി ഡിവിഷൻ അള്ളാകോവിൽ പാറചെരുവ് റോഡിന്റെ ഇരുവശവും ഉൾപ്പെടുന്ന പ്രദേശങ്ങൾ<br>b) 5-ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന പോതമേട് ജംങ്ഷനിലെ റോഡിൻറെ ഇരുഭാഗത്തുമുള്ള രണ്ടു കോളനികൾ ഉൾപ്പെടുന്ന പ്രദേശം<br>c) 8-ാം വാർഡിലെ ചെകുത്താൻ മുക്ക് ജംങ്ഷൻ മുതൽ വാർഡ് 9 ലെ സീറോലാൻറ് ഡോബിപാലം , മൻസൂൺഗ്രാൻറ് ഭാഗം കടുവാവളവ് വരെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്ന പവ്വർഹൌസ് റോഡിൻറെ ഇരുവശങ്ങളും |
| 8. | കോടിക്കുളം ഗ്രാമപഞ്ചായത്ത് | 7-ാം വാർഡിൽ റേഷൻകട സമീപത്തുനിന്ന് അംബേദ്കർ കോളനിയിലേക്കുള്ള റോഡിൽ പണ്ടാരി കന്നേൽ പൗലോച്ചന്റെ വീട് മുതൽ അംബേദ്കർ കോളനി മുഴവനായും കോട്ട വഴിയുടെ പടിഞ്ഞാറ് പൊട്ടാനിക്കൽ സന്തോഷിന്റെ വീട് വരെയുള്ള ഏഴാം വാർഡിലെ വീടുകൾ. |

| | | |
|---|---|---|
| 9. | ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് | 7 -ാം വാർഡിൽ ഉൾപ്പെട്ട് വരുന്ന ചെമ്പകത്തൊഴുകുടി എന്ന പ്രദേശം |
| 10. | വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് | 7 -ാം വാർഡ് പൂർണ്ണമായി |
| 11. | ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് | വാർഡ് 9 ൽ വാദ്യംകാവ് പ്രദേശം മാത്രം |
| 12. | കൊക്കയാർ ഗ്രാമപഞ്ചായത്ത് | വാർഡ് 7 ൽ കല്ലേപ്പാലം കോളനി ഭാഗം |
| 13. | ആലക്കോട് ഗ്രാമപഞ്ചായത്ത് | a) വാർഡ് 4 പൂർണ്ണമായി<br>b) 5-ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന അഞ്ചിരികവല മുതൽ കാലയന്താനി വരെ റോഡിനിരുവശവും |
| 14. | പെരുവന്താനം ഗ്രാമപഞ്ചായത്ത് | 1-ാം വാർഡ് പൂർണ്ണമായി |

ഈ ഉത്തരവിന് ഇന്നേ ദിവസം **(12.07.2021)** മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

12/7/21.

ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്തനിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. സബ് കളക്ടർ, ദേവികുളം.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
5. എല്ലാ തഹസിൽദാർമാർക്കും.
6. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
7. സെക്ടറൽ മജിസ്ട്രേറ്റുമാർക്ക് (തഹസിൽദാർമാർ മുഖേന)
8. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡിഡിപി മുഖേന)
9. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ പ്രോജക്ട് മാനേജർ, കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ, ഇടുക്കി ( കൊവിഡ് - 19 ജാഗ്രത പോർട്ടലിൽ കണ്ടെയിൻമെന്റ് സോൺ മാപ്പിംഗ് നടത്തുന്നതിലേക്കായി)
5. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്